(ബി) ഇപ്രകാരം മാറ്റി പാർപ്പിച്ചിരിക്കുന്നവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) സൗജന്യ ചികിത്സ, സൗജന്യ റേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആരെയും മാറ്റി പാർപ്പിച്ചിട്ടില്ല.

(ബി&സി)ബാധകമല്ല.

വടക്കഞ്ചേരിയിൽ സബ്ട്രഷറിക്കും ഫയർ ഫോഴ്സിനും ഭൂമി കൈമാറിയത് സംബന്ധിച്ച നടപടിക്രമം

189(3111) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി പി.ഡബ്ല്യു.ഡി. ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും 10 സെന്റ് ഭൂമി സബ്ട്രഷറി നിർമ്മാണത്തിന് നൽകണമെന്ന ആവശ്യം പരിഗണിച്ച് ട്രഷറി വകുപ്പിന് കൈവശാവകാശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കൈവശാവകാശം കൈമാറാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ കോമ്പൗണ്ടിൽനിന്നും ഫയർ ഫോഴ്സിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി നൽകിയത് നിയമനാസൃതം കൈമാറിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കൈമാറ്റം നടക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ രണ്ട് കാര്യങ്ങൾക്കും റവന്യൂ വകുപ്പിൽ അപേക്ഷ ലഭിച്ചത് എന്നാണെന്നും ഇതുവരെയായിട്ടും നടപടി പൂർത്തിയാകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(ബി) ഇല്ല. അഗ്നിരക്ഷാ വകുപ്പ് ലഭ്യമാക്കേണ്ട ഔപചാരിക രേഖകൾ ലഭ്യമാക്കാതിരുന്നതിനാലാണ് കൈമാറ്റം നടക്കാതിരുന്നത്.

(സി) ട്രഷറി വകുപ്പിന്റെ അപേക്ഷ 2-6-2005-ലും അഗ്നിരക്ഷാ വകുപ്പിന്റെ അപേക്ഷ 16-11-2009-ലുമാണ് ലഭ്യമായിട്ടുള്ളത്. അഗ്നിരക്ഷാ വകുപ്പിന്റെ ഔപചാരിക ഭൂമി കൈമാറ്റ രേഖകൾ ലഭ്യമാകാത്തതുകൊണ്ടാണ് ഇതുവരെയായിട്ടും ഭൂമി കൈമാറ്റ നടപടി പൂർത്തിയാകാത്തത്.

കാലവർഷക്കെടുതി-ദുരിതാശ്വാസ നടപടികൾ

190(T3112) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം വീടുകൾ നശിച്ച കർഷകർക്ക് ദുരിതാശ്വാസ സഹായം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത ആവശ്യത്തിനായി എന്തു തുക വേണ്ടിവരുമെന്നും അറിയിക്കുമോ ;

(ബി) നാട്ടിക നിയോജകമണ്ഡലത്തിൽ വീടുകൾ നശിച്ച കർഷകർ ദുരിതാശ്വാസ സഹായം അഭ്യർത്ഥിച്ച് നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ പരിശോധിച്ച എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്നും ആയത് കർഷകർക്ക് ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കാലവർഷക്കെടുതിയിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായം നൽകുന്നുണ്ട്. വീടുകൾ നശിച്ച കർഷകർക്ക് മാത്രമായി ധനസഹായം അനുവദിക്കുന്നില്ല. അതുപോലെതന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിലും ധനസഹായം അനുവദിക്കുന്നില്ല. നഷ്ട പരിഹാരത്തിനായുള്ള അപേക്ഷകൾ പരിശോധിച്ച് മാനദണ്ഡ പ്രകാരമുള്ള ധനസഹായം നൽകുന്നതാണ്.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.